**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 284** **23-01-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി G.O(Rt) No.470/2023/F & CSD Dt.23/11/2023 ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം അതാത് ജില്ല കളക്ടർ, ഭക്ഷ്യ, കൃഷി എന്നീ വകുപ്പുകളിലെ ജില്ല തല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതുവിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ പൊതുവിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.<br><br>സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പനശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവരുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.<br><br>ജില്ലാകളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാകളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തുന്നതിനും പ്രസ്തുത |

പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപ്പെട്ട് പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം ഭക്ഷ്യ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, റവന്യൂ വകുപ്പ് എന്നി വകുപ്പുകൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

കൂടാതെ ഉത്സവസീസണുകളോടനുബന്ധിച്ച് വിപണിയിൽ വിലക്കയറ്റം ഉണ്ടാകാതിരിക്കാനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ ജില്ല/താലൂക്ക് തല സ്ക്വാഡുകൾ രൂപീകരിച്ചു ഓപ്പൺ മാർക്കറ്റ് പരിശോധന നടത്തി വരുന്നു. വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ജില്ലാ സപ്ലൈ ഓഫീസർ/ താലൂക്ക് സപ്ലൈ ഓഫീസർ /സിറ്റി റേഷനിങ് ഓഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രതേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധനകളും നടത്തി വരുന്നു. മേൽപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടിസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി സപ്ലൈകോ നടത്തി വരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ (മാവേലിസ്റ്റോർ, സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്) വഴി സബ്സിഡി നൽകി വിതരണം നടത്തി വരുന്നു. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Price Monitoring Cell പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാർ അംഗീകരിച്ച 6 ജില്ലകളിൽ നിന്നുമായിരുന്നു പ്രാരംഭ ഘട്ടത്തിൽ വില ശേഖരിച്ചിരുന്നത്. 14 ജില്ലകളും Price Monitoring Cell ന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ Upload ചെയ്തു വരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതു വഴി പൊതുവിപണിയിലെ വില

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ 'Center for Price Research Kerala' രൂപീകരിച്ചിട്ടുണ്ട്. വർദ്ധിച്ച വരുന്ന വിലകളെ കുറിച്ച് പഠനം നടത്തി മികച്ച ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച് താരതമ്യം ചെയ്ത് റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിച്ച് സർക്കാരിലേയ്ക്കും. പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേക്കും, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലേക്കും നല്കി വരുന്നു. |
| (ബി) | 2014 മുതൽ 2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിനു ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യ വിതരണ ക്വാട്ട കേന്ദ്രസർക്കാർ എത്രത്തോളം വെട്ടിക്കുറച്ചുവെന്ന് വിശദമാക്കുമോ; | (ബി) | 2014-15 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ആകെ 15,95,237 MT ഭക്ഷ്യധാന്യമാണ് പൊതുവിതരണ സംവിധാനം വഴി റേഷൻ കാർഡ് ഉണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ലഭ്യമായത്. എന്നാൽ NFSA, 2013 നിലവിൽ വന്ന ശേഷം സംസ്ഥാനത്തിന് പ്രതിവർഷം ലഭിക്കുന്നത് 14,25,048.996 MT ഭക്ഷ്യധാന്യമാണ്. |
| (സി) | സംസ്ഥാനത്തെ റേഷൻകടകളെയും വിതരണക്കാരെയും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും റേഷൻ ഷോപ്പുകളെ കാലാനുസൃതമായി നവീകരിക്കുന്നതിനും സത്വര നടപടികൾ കൈക്കൊള്ളുമോ ? | (സി) | സംസ്ഥാനത്തെ റേഷൻകടകളെയും, വിതരണക്കാരെയും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടി പശ്ചാത്തല സകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തികൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമെ മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കിഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്നതും/പ്രോസസ്സ് ചെയ്യുന്നതുമായ നിത്യോപയോഗ സാധനങ്ങളും കെ- സ്റ്റോറുകൾ വഴി വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ